# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4105 — 03.02.2014 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### രോഗപ്രതിരോധ മരുന്നുകൾ നൽകുന്നതിനുള്ള നിബന്ധനകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ :<br>,, എ. എം. ആരിഫ് :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരൊഴികെയുള്ളവർ, രോഗപ്രതിരോധ മരുന്നുകൾ നൽകുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ; | (എ) വായിലൂടെ നൽകുന്ന പോളിയോ തുള്ളിമരുന്ന്, ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനായി ജനപ്രതിനിധികളും, വിശിഷ്ട വ്യക്തികളും മറ്റും നൽകാറുണ്ട്. ഇത്തരം അവസരങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും നിർദ്ദേശാനുസരണവുമാണ് ഇവ നൽകാറ്. പൾസ് പോളിയോ പ്രോഗ്രാമിൽ പരിശീലനം നൽകിയ വാളണ്ടിയർമാർ പോളിയോ വാക്സിൻ നൽകാറുണ്ട്. |
| (ബി) പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടാണോ കേരള സന്ദർശനവേളയിൽ പാർലമെന്റ് അംഗമായ ശ്രീ. രാഹുൽഗാന്ധി പ്രതിരോധ മരുന്ന നൽകിയത് ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) പൾസ് പോളിയോ തുള്ളിമരുന്ന് നൽകുന്നതിനുള്ള ഉദ്ഘാടനവും മറ്റ് അനുബന്ധ പരിപാടികൾ എന്നിവയ്ക്ക് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി, ജനപ്രതിനിധികൾ, മറ്റ് വിശിഷ്ട വ്യക്തികൾ മുതലായവർ മരുന്നുകൾ കുഞ്ഞുങ്ങൾക്ക് നൽകിയാണ് ഉദ്ഘാടനം നിർവ്വഹിക്കാറുള്ളത്. ഇതിന് പ്രത്യേക നിബന്ധനകൾ ഒന്നും തന്നെയില്ല. ആരോഗ്യ വകുപ്പിലെ മേലധികാരികളും മറ്റ് ആരോഗ്യ പ്രവർത്തകരും ഇവർക്ക് വേണ്ട നിർദ്ദേശങ്ങൾ തദവസരങ്ങളിൽ നൽകുന്നതിനനുസരിച്ചാണ് മേൽ പറഞ്ഞവർ മരുന്നുകൾ നൽകുന്നത്. |
| (സി) നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചവർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം, ഇത് ചൂണ്ടിക്കാട്ടി റിപ്പോർട്ട് നൽകിയ ജില്ലാ മെഡിക്കൽ ഓഫീസറെ ഭീഷണിപ്പെടുത്തിയതായി വന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) ജില്ലാ മെഡിക്കൽ ഓഫീസർ ആലപ്പുഴയെ ആരും ഭീഷണിപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ